പതിനാലാം കേരള നിയമസഭ

<u>പതിനാലാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .849 30.01.2019 ൽ മറുപടിയ്ക്ക്

ആദിവാസി കോളനിയിലെ ഭവനനിർമ്മാണത്തിന് മരം മുറിക്കാൻ അനുമതി

| <u>ചോദ്യം</u><br>**ശ്രീ. ആന്റണി ജോൺ** | | <u>മറുപടി</u><br>**അഡ്വ .കെ.രാജു**<br>**(ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ പന്തപ്ര ആദിവാസി കോളനിയിലെ 67 കുടുംബങ്ങൾക്ക് വനാവകാശ രേഖ കൈമാറിയെങ്കിലും ഭവനനിർമ്മാണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഭവനനിർമ്മാണ പദ്ധതി പ്രദേശത്ത് ഓരോ പ്ലോട്ടിലും നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന തേക്ക് മരങ്ങൾ മുറിച്ചുമാറ്റുവാൻ സർക്കാർ ഉത്തരവായിട്ടുണ്ടെങ്കിലും വനം വകുപ്പ് അനുമതി നൽകാത്തതിനാലാണ് പ്രസ്തുത ഭവന | (ബി) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ പന്തപ്ര ആദിവാസി കോളനിയിലെ 67 കുടുംബങ്ങൾക്ക്. 31.03.2018 ന് ബഹു. മുഖ്യമന്ത്രി വനാവകാശ രേഖ അനുവദിച്ച് നൽകിയിട്ടുള്ളതാണ്. ടി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി മലയാറ്റൂർ |

| | | | |
|---|---|---|---|
| | നിർമ്മാണം നടപ്പിലാക്കുവാൻ കഴിയാത്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ഡിവിഷനിലെ 1977, 1978, 1981 തേക്ക് തോട്ടങ്ങളിലാണ് യൂസർ ഏജൻസിയായ ട്രൈബൽ ഡിപ്പാർട്ട്മെന്റ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്. ടി തേക്ക് തോട്ടങ്ങളിൽ ആദിവാസി പുനരധിവാസത്തിനായി മരങ്ങൾ മുറിച്ച് നീക്കേണ്ടതായിട്ടുണ്ട്. അടച്ചുമുറിയ്ക്ക് പ്രായപൂർത്തിയാകാത്ത തോട്ടങ്ങളിലെ മരങ്ങൾ മുറിച്ച് നീക്കുന്നതിന് മലയാറ്റൂർ ഡിവിഷനിൽ നിന്നും മേൽ പ്രവർത്തി ഉൾചേർത്ത് പുതുക്കിയ പ്രവർത്തി പദ്ധതി ( Adendum to Working Plan) കേന്ദ്രാനുമതിക്കായി നൽകുക യുണ്ടായെങ്കിലും വന സംരക്ഷണ നിയമ പ്രകാരം മേൽ നടപടികൾ<br>കൈക്കൊള്ളുന്നതിനായി മടക്കി നൽകിയിട്ടുള്ളതാണ്.<br>24.11.2016 ലെ ജില്ലാതല കമ്മിറ്റി തീരുമാനം, 04.02.2017 ലെ സംസ്ഥാന തല കമ്മിറ്റി തീരുമാനം, സർക്കാർ ഉത്തരവ് GO (Ms) No. 54/17/വനം തീയതി 18.12.2017 എന്നിവ പ്രകാരം നിലവിൽ 67 കുടുംബങ്ങൾക്ക് കൃഷിക്കും താമസത്തിനുമായി 2 ഏക്കർ ഭൂമി വീതവും, കോളനിയുടെ പൊതു ആവശ്യത്തിനായി 26.8 ഏക്കർ ഭൂമിയും അനുവദിച്ചിട്ടുള്ളതാണ്. നിലവിൽ ഓരോ കുടംബത്തിനും അനുവദിക്കപ്പെട്ട 2 ഏക്കർ ഭൂമിയിൽ നിന്നും 15 സെന്റ് വീതം സ്ഥലത്തെ (ഭവന നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കും) മരങ്ങളുടെ ലിസ്റ്റ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കിയിട്ടുള്ളതും അവ നീക്കം ചെയ്യുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പദ്ധതി പ്രദേശത്തെ തേക്ക് മരങ്ങൾ മുറിച്ച് മാറ്റിയാൽ മാത്രമേ ഭവനനിർമ്മാണവും, വൈദ്യുതി ലൈൻ വലിക്കല്ല മടക്കമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധി ക്കുകയുള്ളൂ എന്നതിനാൽ അവ മുറിച്ചുമാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഭവന നിർമ്മാണത്തിനും മറ്റ് പൊതു ആവശ്യങ്ങൾക്കുമായുള്ള സ്ഥലത്തെ മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ കൈ ക്കൊണ്ട് പ്രസ്തുത ജോലികൾ സമയബന്ധിതമായി പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ